(സി) സൈക്കോളജി ഒഴിവാക്കിയതല്ല. വിഷയങ്ങൾ ഘട്ടം ഘട്ടമായാണ് ഹയർസെക്കണ്ടറി കോഴ്സിൽ ഉൾപ്പെടുത്തുന്നത്.

(ഡി) സൈക്കോളജിയും പ്ളസ് ടു തലത്തിൽ പാഠ്യവിഷയമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ആനുകൂല്യം

41 (2021) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് 14-7-1996-ൽ സർവ്വീസിൽ ഉണ്ടായിരുന്ന അദ്ധ്യാപകർക്ക് കൂടി പ്രൊട്ടക്ഷൻ ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

14-7-1996-ൽ റഗുലർ വേക്കൻസിയിൽ ജോലി ചെയ്തിരുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 29-9-1999-ലെ ജി.ഒ.(പി)175/99/പൊ.വി.പ്രകാരം പ്രൊട്ടക്ഷൻ ആനുകൂല്യം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

തഴവ എ.വി.സി.എച്ച്.എസ്-ൽ പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി

42 (2022) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ എ.വി.സി.എച്ച്.എസ്-ൽ പ്ളസ് ടു കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പുതുതായി പ്ളസ് ടു അനുവദിക്കുമ്പോൾ ഈ സ്കൂളിലും അനുവദിക്കുവാൻ നടപടിയുണ്ടാകുമോ ?

ഉത്തരം

(എ&ബി) നിർദ്ദിഷ്ട രീതിയിൽ നിശ്ചിത സമയത്തിനകത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പുതുതായി പ്ളസ് ടു അനുവദിക്കുമ്പോൾ ഇക്കാര്യം പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കുന്നതാണ്.

സംസ്ഥാനത്തെ ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

43 (2023) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ ഉണ്ട് ;

(ബി) ഈ ഉപജില്ല ഓഫീസുകളിൽ അംഗീകൃത അനുപാതക്രമത്തിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly